# വിദ്യാഭ്യാസ രംഗത്തിൽ
# ഇൻഡോ – സോവിയറ്റ് സഹകരണം

എൻ. വി. കൃഷ്ണവാരിയർ

നമ്മുടെ പാരമ്പര്യാധിഷ്ഠിതമായ വിദ്യാഭ്യാസത്തെ ശാസ്ത്രാധിഷ്ഠിതമാക്കി പരിവർത്തിപ്പിക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. ഈ പരിവർത്തനത്തിന്റെ അടിയന്തരാവശ്യം വിദ്യാഭ്യാസ കമ്മീഷൻ അവരുടെ റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ പഞ്ചവത്സരപദ്ധതികളിൽ സർവ്വകലാശാലാവിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെച്ച തുകകളിൽ ഇത്തരമൊരു പരിവർത്തനത്തിനുള്ള രാഷ്ട്രത്തിന്റെ തീരുമാനം വ്യക്തമായി പ്രതിഫലിച്ചുകാണാം. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ സർവ്വകലാശാലാവിദ്യാഭ്യാസത്തിനു നീക്കിവെച്ചിരുന്നത് 19 കോടി രൂപയാണ്. ഇത് മൂന്നാംപഞ്ചവത്സരപദ്ധതിയിൽ 37 കോടി രൂപയായുയർന്നു; നാലാം പഞ്ചവത്സരപദ്ധതിയിൽ 115 കോടി രൂപയും. ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന അഞ്ചാംപഞ്ചവത്സരപദ്ധതിയിൽ ഈ തുക ഇനിയും ഉയരുമെന്നു പ്രതീക്ഷിക്കാം.

<u>വിദ്യാർത്ഥികളുടെ എണ്ണപ്പെരുപ്പം:</u>

1950 – 51-ൽ ഇന്ത്യയിൽ 28 സർവ്വകലാശാലകളാണുണ്ടായിരുന്നത്. 1970 – 71-ൽ സർവ്വകലാശാലകളുടെ എണ്ണം 83 ആയി ഉയർന്നു. 1950 – 51-ൽ 546 കോളേജുകളുണ്ടായിരുന്നത് 1969-ന്റെ അവസാനത്തിൽ 2,361 ആയി.

1950–51-ൽ 31 എഞ്ചിനീയറിങ് കോളേജുകളാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത്. 1969 – 70-ൽ ഇവയുടെ എണ്ണം 106 ആയി വർദ്ധിച്ചു. 1950 – 51-ൽ 34 മെഡിക്കൽ കോളേജുകളുണ്ടായിരുന്നവ 1969 – 70-ൽ ഏതാണ്ട് നാലിരട്ടിയായി പെരുകി – 125 എണ്ണം. 1950 – 51-ൽ 18 അഗ്രിക്കൾച്ചറൽ കോളേജുകളും 7 വെറ്ററിനറി കോളേജുകളുമുണ്ടായിരുന്നു. 1969 – 70-ൽ ഇവ യഥാക്രമം 54-ഉം 23-ഉം ആയി വർദ്ധിച്ചു.

1950– 51-ൽ വ്യത്യസ്ത സ്ഥാപനങ്ങളിലായി, 1,27,168 സയൻസ് വിദ്യാർത്ഥികൾ ഇന്ത്യയിലുണ്ടായിരുന്നു. 1969 – 70-ൽ ഇവരുടെ എണ്ണം 9,14,739 ആയി വർദ്ധിച്ചു. 1950 – 51-ൽ 12,094 ആയിരുന്ന എഞ്ചിനീയറിങ് വിദ്യാർത്ഥികൾ 1967 – 68-ൽ 1,04,266 ആയി പെരുകി. 1950– 51-ൽ 15,260 മെഡിക്കൽ വിദ്യാർത്ഥികളായിരുന്ന സ്ഥാനത്ത് 1969 – 70-ൽ 95,017 മെഡിക്കൽ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. കൃഷി വിദ്യാർത്ഥികളും മൃഗവൈദ്യവിദ്യാർത്ഥികളും 1950 – 51-ൽ യഥാക്രമം 4,744-ഉം 1,101-ഉം ആയിരുന്നു. 1969-70-ൽ ഇവരുടെ എണ്ണം യഥാക്രമം 43,415-ഉം 6,131-ഉം ആയി.

1969–70-ൽ ഇന്ത്യയിലെ സർവ്വകലാശാല വിദ്യാർത്ഥികളുടെ 41.5 ശതമാനം സയൻസ് വിദ്യാർത്ഥികളായിരുന്നു. ശരാശരി ഒരു വർഷത്തിൽ സയൻസ് വിദ്യാർത്ഥികളുടെ വർദ്ധന 10 ശതമാനമാണെന്ന് കണക്കാക്കിയിരിക്കുന്നു. ഈ തോതിൽ 1974 – 75-ൽ വൈദ്യശാസ്ത്രം, എൻജിനീയറിങ് എന്നിവയടക്കം ഇന്ത്യയിലെ സയൻസ് വിദ്യാർത്ഥികളുടെ എണ്ണം 16,60,000 ആയിരിക്കുമെന്നും പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ 1984–85-ൽ ഈ സംഖ്യ 48,40,000 ആകുമെന്നും കണക്കാക്കിയിരിക്കുന്നു.

ഈ വർദ്ധിച്ച സംഖ്യ വരുന്ന വിദ്യാർത്ഥികളും അവരുടെ അധ്യാപകരും ഒന്ന് ഭൂരിഭാഗവും ആശ്രയിക്കുന്നത് വിദേശ പാഠപുസ്തകങ്ങളെയാണ്. ഇവയിൽ ഒന്നാമത്തെ തരത്തിൽ, ബ്രിട്ടനിലും അമേരിക്കയിലും അച്ചടിച്ചവയോ, അമേരിക്കയുടെ സഹായത്തോടെ ഇന്ത്യയിൽ അച്ചടിച്ചവയോ ആയ പുസ്തകങ്ങൾപെടുന്നു. രണ്ടാമത്തെ തരത്തിലാകട്ടെ, ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട, എല്ലാ അർത്ഥത്തിലും വില കുറഞ്ഞ നോട്ട്–ഗൈഡ്–ടാബ്ലറ്റ് ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു. ഈ രണ്ടാമതു പറഞ്ഞ പുസ്തകങ്ങളുടേയും ആധാരം ആദ്യം പറഞ്ഞതരത്തിൽപ്പെട്ട വിദേശീയ ഗ്രന്ഥങ്ങളാണ്.

വിദേശീയഗ്രന്ഥങ്ങളുടെമേലുള്ള ഈ ആശ്രയത്തിന്റെ ഫലമായി, അങ്ങോട്ടായ് ഈ ഇനത്തിൽ ബ്രിട്ടനും അമേരിക്കയും വളരെ വലിയ തുക നാം നൽകേണ്ടതായി വരുന്നു.

<u>ജോയിന്റ് ഇന്ത്യൻ അമേരിക്കൻ ടെക്സ്റ്റ്ബുക് പ്രോഗ്രാം</u>

നിരന്തരമായ ഈ സാമ്പത്തിക ചൂഷണത്തിനു പരിഹാരമുണ്ടാക്കാനും ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ആദായവിലക്ക് വിദേശീയ പാഠപുസ്തകങ്ങൾ ലഭ്യമാക്കുവാനും ഉദ്ദേശിച്ച് ഇന്ത്യാ ഗവർമെന്റ് ചില വിദേശ ഗവർമെന്റുകളുമായി ചില കരാറുകൾ ഉണ്ടാക്കുകയുണ്ടായി. 1961-ൽ അമേരിക്കയുമായി ചെയ്ത കരാറനുസരിച്ച് "ജോയിന്റ് ഇന്ത്യൻ അമേരിക്കൻ ടെക്സ്റ്റ് ബുക് പ്രോഗ്രാം" നിലവിൽ വന്നു. ഏഴ് ഇന്ത്യക്കാരും ഏഴ് അമേരിക്കക്കാരുമടങ്ങുന്ന ഒരു ബോർഡാണ് ഈ പ്രോഗ്രാം നിയന്ത്രിക്കുന്നത്. ബോർഡിന് ഉപദേശക സമിതികളുമുണ്ട്; ഭരണം മുഴുവൻ അമേരിക്കൻ ഇൻഫർമേഷൻ വകുപ്പിന്റെ കയ്യിലാണ്. കരാർപ്രകാരം ഇന്ത്യയിൽ അച്ചടിക്കേണ്ട അമേരിക്കൻ ടെക്സ്റ്റ് പുസ്തകങ്ങളും അവ അച്ചടിപ്പിക്കാനുള്ള പ്രസ്സുകളും അമേരിക്കൻ ഇൻഫർമേഷൻവകുപ്പ് തിരഞ്ഞെടുക്കുന്നു.

160 അമേരിക്കൻ പ്രസാധകരുടെ ആയിരത്തിലേറെ പുസ്തകങ്ങൾ ഈപ്രോഗ്രാംപ്രകാരം 1970 ആഗസ്റ്റോടെ ഇന്ത്യയിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്തു കഴിഞ്ഞിട്ടുണ്ടായിരുന്നു. 30 ഇന്ത്യൻ പ്രസാധകരെ ഇവയുടെ അച്ചടി ജോലി ഏല്പിച്ചിരുന്നതിൽ ഏഴു പ്രസാധകർക്കായിരുന്നു പ്രാമുഖ്യം; അതിലൊന്ന് പ്രസാധകർ അമേരിക്കൻ കമ്പനികളുടെ ഇന്ത്യൻശാഖകളായിരുന്നു. ഈ പുസ്തകങ്ങളുടെ നിർമ്മാണച്ചെലവിൽ എൺപതുശതമാനംവരെ പി.എൽ. 480 ഫണ്ടിൽനിന്ന് പ്രസാധകർക്ക് സഹായമായി കൊടുത്തിരുന്നു. ഈ ഇനത്തിൽ ആയിരം പുസ്തകങ്ങൾ അച്ചടിക്കാൻ സഹായമായി 30 പ്രസാധകർക്ക് ആറു കോടിക്കുവരെ കൊടുത്തിരിക്കണം; അതിൽ ഭൂരിഭാഗവും മൂന്ന് അമേരിക്കൻ കമ്പനികൾ കൈപ്പറ്റുകയും ചെയ്തിരിക്കണം.

പുസ്തകങ്ങളുടെ അമേരിക്കൻ വിലയുടെ പത്തുശതമാനം റോയൽറ്റിയായി ഡോളർ നാണ്യത്തിൽ അമേരിക്കൻ പ്രസാധകർക്ക് ഇന്ത്യൻ പ്രസാധകർ കൊടുക്കണം. ഈ പത്തുശതമാനം സാധാരണ ഇന്ത്യൻവിലയുടെ 50 ശതമാനത്തിലധികം വരും. ഇതിനർത്ഥം ആറുകോടി ഇന്ത്യയിലെ പ്രസാധകർക്ക് സഹായധനമായി അമേരിക്കൻ ഇൻഫർമേഷൻകാർ നൽകുമ്പോൾ അതിൽനിന്ന് മൂന്ന്

കോടിയോളം ക.യുടെ ഡോളർ അമേരിക്കൻ പ്രസാധകർക്കു നേടിക്കിട്ടുന്നു എന്നാണ്. ഇന്ത്യയിൽ കുടുങ്ങിക്കിടക്കുന്ന പി.എൽ.480 ഫണ്ട് ഡോളറായി മാറ്റി അമേരിക്കയ്ക്കു കടത്താൻ ഈ പരിപാടിയെ ഉപയോഗപ്പെടുത്തിയിരുന്നതായി "മെയിൻസ്ട്രീം" വാരികയുടെ 1971 ജൂൺ 19-ലെ ലക്കത്തിൽ "ഇന്ത്യയിൽ അമേരിക്കൻ പാഠപുസ്തകങ്ങൾ" എന്ന ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഇതൊരു ഗൗരവാവഹമായ ആരോപണം തന്നെയാണ്.

<u>ബുദ്ധിപരമായ അടിമത്തം:</u>

സാമ്പത്തികമായ ഈ ചൂഷണത്തിനു പുറമെ, ബ്രിട്ടീഷ്-അമേരിക്കൻ പാഠപുസ്തകങ്ങളിന്മേൽ നമ്മുടെ നിരന്തരമായ ആശ്രയം, യുവജനങ്ങൾക്കിടയിൽ വളർത്തിയെടുക്കുന്ന മാനസികമായ ദാസ്യവും, തന്മൂലം ഉളവാകുന്ന മൗലിക പ്രതിഭയുടെ അപക്ഷയവും കൂടി ഇവിടെ പരിഗണിക്കേണ്ടതായിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ പ്രസിദ്ധം ചെയ്ത കാലഹരണപ്പെട്ട വിലകുറഞ്ഞ പുസ്തകങ്ങളാണ് നമ്മുടെ ബുദ്ധിജീവികളുടെ മനസ്സു രൂപപ്പെടുത്തുന്നത് എന്നതു ദയനീയമത്രെ. ഈ പുസ്തകങ്ങളുടെ, പ്രത്യേകിച്ചും ചരിത്രമുൾപ്പെട്ട സാമൂഹ്യശാസ്ത്രഗ്രന്ഥങ്ങളുടെ, വീക്ഷണം ഇന്ത്യയിൽ ഒരു ജനാധിപത്യ-സോഷ്യലിസ്റ്റ് വീക്ഷണം വളർന്നുവരുന്നത് തടയാൻമാത്രമേ ഉപകരിക്കുന്നുള്ളൂ.

<u>പ്രാദേശികഭാഷകളിൽ ശാസ്ത്രഗ്രന്ഥനിർമ്മാണം:</u>

ഇന്ത്യാഗവർമെന്റ് നൽകുന്ന ഉദാരമായ ധനസഹായം ഉപയോഗപ്പെടുത്തി ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിലും പ്രാദേശിക ഭാഷകളിൽ സർവ്വകലാശാലാ നിലവാരത്തിലുള്ള ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ രണ്ടാം കൈയായി തങ്ങൾക്കു കിട്ടിയ അറിവു ശിഷ്യർക്കു പകർന്നു നൽകുകമാത്രം ചെയ്തിരുന്ന സർവ്വകലാശാലാ - കോളേജ് അധ്യാപകരെയാണ് ഇത്തരം മൗലികഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിനായി ഇപ്പോൾ മുഖ്യമായും ആശ്രയിക്കുന്നത്. സ്വാഭാവികമായും അവർ മാതൃകകളായെടുക്കുന്നത് തങ്ങൾക്കു പരിചിതങ്ങളായ പഴയ പാഠപുസ്തകങ്ങളെയാകുന്നു. തങ്ങളുടെ ഉലംപരിമിതമായ അറിവ്, തങ്ങൾക്കു വലിയ സ്വാധീനമില്ലാത്ത പ്രാദേശികഭാഷകളിലൂടെ എങ്ങനെ ആവിഷ്കരിക്കാമെന്നതാണ് അവരുടെ ഇപ്പോഴത്തെ മുഖ്യമായ പ്രശ്നം. ഈ പരിതസ്ഥിതിയിൽ പ്രാദേശിക ഭാഷകളിൽ എഴുതപ്പെടുന്ന പാഠപുസ്തകങ്ങളിൽ പലതും വളരെ ഉയർന്ന നിലവാരം പുലർത്തുന്നില്ലെന്ന് ആക്ഷേപമുണ്ടായാൽ അതു സ്വാഭാവികംമാത്രമായിരിക്കും.

<u>തർജ്ജമകൾക്കുള്ള ഏർപ്പാടുകൾ:</u>

ഈ ദോഷം പരിഹരിക്കുന്നതിനും, ഉയർന്ന നിലവാരമുള്ള പാഠപുസ്തകങ്ങൾ പ്രാദേശികഭാഷകളിൽ ലഭ്യമാക്കുന്നതിനുമായി വിദേശ ഭാഷകളിൽ, പ്രത്യേകിച്ചും ഇംഗ്ലീഷിൽ, ഉള്ള പാഠപുസ്തകങ്ങൾ തർജ്ജമ ചെയ്യുവാനുള്ള വമ്പിച്ച ഒരു പരിപാടിയും ആരംഭിച്ചിരിക്കുന്നു. യാഥാസ്ഥിതികരായ സർവ്വകലാശാലാധികൃതരിൽ അധികംപേരും മൗലികകൃതികളെക്കാൾ കൂടുതൽ ഇഷ്ടപ്പെടുന്നത് ഇത്തരം തർജ്ജമകളെയാണ്. ഈ ആവശ്യം നിറവേറ്റാനായി ഇന്ത്യാഗവർമെന്റിന്റെ വിദ്യാഭ്യാസമന്ത്രാലയത്തിൽ ഒരു കോപ്പിറൈറ്റ് യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നു. തർജ്ജമ ആവശ്യമുള്ള പുസ്തകങ്ങളുടെ പകർപ്പവകാശം സ്റ്റേറ്റുകളിലെ പുസ്തകനിർമ്മാതാക്കൾക്കു വാങ്ങിക്കൊടുക്കുകയാണ് ഈ യൂണിറ്റിന്റെ പ്രവൃത്തി. ഈ യൂണിറ്റിന്റെ പരിശ്രമത്തിൻ ഫലമായി, ഏതാനും അമേരിക്കൻ പ്രസാധകർ തങ്ങളുടെ പുസ്തകങ്ങളുടെ വിവർത്തനാവകാശം ഇന്ത്യൻ പ്രസിദ്ധീകരണസ്ഥാപനങ്ങൾക്കു നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പക്ഷേ ഇതിനുള്ള പ്രതിഫലം ഡോളറായി നൽകണം; ഈ തുക, ഇന്ത്യൻ നിലവാരമനുസരിച്ചു നോക്കുമ്പോൾ, നിസ്സാരമല്ലതാനും. പകർപ്പവകാശം കിട്ടി മൂന്നുകൊല്ലത്തിനകം തർജ്ജമ മുഴുമിച്ച് പുസ്തകം അടിച്ചിറക്കിയില്ലെങ്കിൽ ആദ്യം കൊടുത്ത പ്രതിഫലതുക നഷ്ടപ്പെടുമെന്നു കൂടി കരാറിൽ വ്യവസ്ഥയുണ്ട്. അമേരിക്കൻ

പ്രസാധകരുടെ ഈ ഔദാര്യംപോലും ബ്രിട്ടീഷ് പ്രസാധകരിൽ ഭൂരിഭാഗവും പ്രദർശിപ്പിച്ചിട്ടില്ല. ഇന്ത്യയിൽ വൻതോതിൽ സ്വന്തം പുസ്തകങ്ങൾ വില്ക്കുന്ന ബ്രിട്ടീഷ് പ്രസാധകർ പ്രാദേശികഭാഷകളിൽ അവരുടെ പുസ്തകങ്ങൾ വിവർത്തനം ചെയ്യുന്നതിന് എതിരാവുന്നത് സ്വാഭാവികംമാത്രമാണുതാനും.

<u>സോവ്യറ്റ് യൂണിയന്റെ സഹകരണം</u>

പാഠപുസ്തക നിർമ്മാണരംഗത്തിൽ സോവ്യറ്റ്‌യൂണിയനുമായി സഹകരിക്കാനുള്ള സാധ്യതയെ ഇപ്പോഴത്തെ പശ്ചാത്തലത്തിൽ നന്നായിട്ട് നിരീക്ഷിക്കേണ്ടിയിരിക്കുന്നു.

സോവ്യറ്റ് പുസ്തകങ്ങൾക്ക് പകർപ്പവകാശമില്ല. റോയൽറ്റിയായി ഒരു പൈസപോലും നൽകാതെ ആർക്കുവേണമെങ്കിലും അവ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്താം.

സയൻസിലും ടെക്നോളജിയിലും വിജ്ഞാനത്തിന്റെ മറ്റെല്ലാശാഖകളിലും പ്രാമാണികങ്ങളായ ഒന്നാംതരം ഗ്രന്ഥങ്ങൾ റഷ്യൻ ഭാഷയിലുണ്ട്. ഈ പുസ്തകങ്ങളിൽ ചിലതിന്റെയെങ്കിലും ഇംഗ്ലീഷ് വിവർത്തനങ്ങൾ റഷ്യൻ പ്രസാധകർതന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ/തര അത്യന്തം വിലക്കുറവാണ്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഈ ഇംഗ്ലീഷ് വിവർത്തനങ്ങൾ ഇപ്പോൾതന്നെ പാഠപുസ്തകമായി ഉപയോഗിക്കാവുന്നതേയുള്ളൂ. എന്നാൽ പൊതുവെ നമ്മുടെ സർവ്വകലാശാലകളിലെ പഠന ബോർഡുകളും അക്കാദമിക് കൗൺസിലുകളും സോവ്യറ്റ് പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോട് കടുത്ത വൈമുഖ്യമാണ് പ്രദർശിപ്പിക്കുന്നത്. സോവ്യറ്റ് പുസ്തകങ്ങൾ മെച്ചമാണെങ്കിൽകൂടി, ഗുണത്തിലേറെയും താഴ്ന്ന ബ്രിട്ടീഷ്-അമേരിക്കൻ പുസ്തകങ്ങളോടാണ് അവർക്കഭിമുഖ്യം. നമ്മുടെ അക്കാദമിക് സ്ഥാപനങ്ങളുടെ ഈ അന്ധവിശ്വാസം മാറാനാവശ്യമായനടപടികൾ എത്രയുംവേഗം എടുക്കേണ്ടിയിരിക്കുന്നു.

<u>ഇൻഡോ സോവ്യറ്റ് ടെക്സ്റ്റ് ബുക്ക് ബോർഡ്:</u>

സോവ്യറ്റ് യൂണിയനുമായുള്ള ഇന്ത്യയുടെ സഹകരണത്തിന്റെ ആദ്യത്തെ പടിയായി ഇന്ത്യാഗവർമ്മെന്റിന്റെ വിദ്യാഭ്യാസമന്ത്രാലയത്തിൽ ഒരു "ഇൻഡോ സോവ്യറ്റ് ടെക്സ്റ്റ് ബുക്ക് ബോർഡ്" സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ റഷ്യൻ പാഠപുസ്തകങ്ങളുടെ ഒരു റഫറൻസ് ലൈബ്രറിയും ഉണ്ടാക്കിയിട്ടുണ്ട്. ആർക്കുവേണമെങ്കിലും ഈ ലൈബ്രറി ഉപയോഗപ്പെടുത്തി തർജ്ജമചെയ്യേണ്ട പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയും ആവശ്യമായ സഹായങ്ങൾക്കായി ഇൻഡോസോവ്യറ്റ് ടെക്സ്റ്റ് ബുക്ക് ബോർഡിനെ സമീപിക്കുകയും ചെയ്യാം. എന്നാൽ ഈ സൗകര്യം ഏതെങ്കിലും സംഘടന ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് സംശയമാണ്. ഇൻഡോസോവ്യറ്റ് ടെക്സ്റ്റ് ബുക്ക് ബോർഡ് ഏറെക്കുറെ നിർജ്ജീവമാണ് ഇപ്പോൾ എന്നതാണിതിനു കാരണം.

സോവ്യറ്റ് യൂണിയനിലെ പുസ്തക പ്രസാധകരിൽ പ്രാധാന്യമർഹിക്കുന്ന "മെസ്ദുനരോദ്നായ ക്നിഗ" എന്ന സ്ഥാപനത്തിന്റെ പ്രതിനിധികളുമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈയിടെ ചില ചർച്ചകൾ നടത്തുകയുണ്ടായി. സോവ്യറ്റ് യൂണിയനിലുള്ള ഗ്രന്ഥകാരന്മാരുമായി സമ്പർക്കം സ്ഥാപിക്കുന്നതിനും പുസ്തകങ്ങളുടെ ഏറ്റവും പുതിയ പതിപ്പുകൾ ലഭിക്കുന്നതിനും ആവശ്യമായ സഹായം നൽകാമെന്ന് ഈ സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുണ്ട്. തർജ്ജമക്ക് ഒരു പുസ്തകം തിരഞ്ഞെടുക്കുമ്പോൾ, ആവിഷയത്തിൽ ഇതിനേക്കാൾ മെച്ചപ്പെട്ട മറ്റൊരു പുസ്തകം കിട്ടാനുണ്ടോ എന്ന കാര്യത്തിലും അവർ ഉപദേശം നൽകും. സ്വകാര്യമേഖലയിലോ പൊതുമേഖലയിലോ ഉള്ള ഏതു പുസ്തക പ്രസാധകർക്കും ഈ സൗകര്യങ്ങൾ ലഭിക്കാവുന്നതേയുള്ളൂ.

<u>കഴിവുള്ള വിവർത്തകർ കുറവ്</u>

റഷ്യൻ ഭാഷയിൽനിന്ന് ശാസ്ത്രീയ-സാങ്കേതിക ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്നതിന് സോവ്യറ്റ് പ്രസാധകർ നൽകാമെന്നേറ്റിട്ടുള്ള സഹകരണം ഉപയോഗപ്പെടുത്തുന്നതിനുള്ള മുഖ്യതടസ്സം കഴിവുള്ള വിവർത്തകരുടെ വൈരളമാകുന്നു. നമ്മുടെ ധാരാളം ഹൈസ്കൂളുകളിലും കോളേ

കളിലും ഇംഗ്ലീഷിനുപകരം റഷ്യൻ പഠിപ്പിക്കേണ്ടതാണെന്ന് വിദ്യാഭ്യാസ മ്മീഷൻറിപ്പോർട്ടിൽ ശുപാർശചെയ്തിട്ടുണ്ടെങ്കിലും, റഷ്യൻ ഭാഷാ പഠനത്തിന് ഇതുവരെ നാം പറയത്തക്ക ശ്രമമൊന്നും നടത്തിയിട്ടില്ല. കേരളത്തിലെ ഹൈസ്ക്കൂളുകളിൽ ഹിന്ദി, സംസ്കൃതം, അറബി, ഫ്രഞ്ച്, തമിഴ്, കർണ്ണാടകം മുതലായ പല ഭാഷകളും പഠിപ്പിക്കാൻ സൗകര്യമുണ്ടെങ്കിലും, ഒരൊറ്റ സ്കൂളിൽപ്പോലും റഷ്യൻ പഠിപ്പിക്കുന്ന കാര്യം ഇതുവരെ ആലോചിച്ചിട്ടുപോലുമില്ല. കോളേജുകളിലെ സ്ഥിതിയും ഇതുതന്നെ. ഹിന്ദി, ബംഗാളി, ഫ്രഞ്ച്, ജർമ്മൻ, തമിഴ്, കർണ്ണാടകം, അറബി, സംസ്കൃതം, സുറിയാനി മുതലായ പലഭാഷകളും പഠിപ്പിക്കാൻ കോളേജുകളിൽ ഏർപ്പാടുണ്ട്; പക്ഷേ റഷ്യൻ തികച്ചും അവഗണിക്കപ്പെട്ടിരിക്കയാണ്. കേരളത്തിലെ ഏതെങ്കിലും യൂനിവേഴ്സിറ്റി ഇപ്പോൾ റഷ്യൻ ഭാഷാപഠനത്തിന് വല്ല സഹായവും ചെയ്യുന്നുണ്ടെങ്കിൽ കേരള യൂനിവേഴ്സിറ്റിയുടെ കീഴിൽ തിരുവനന്തപുരത്തു നടക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമകോഴ്സ് മാത്രമാകുന്നു.

<u>ചില നിർദ്ദേശങ്ങൾ:</u>

(1) <u>കോളേജുകളിൽ റഷ്യൻഭാഷ പഠിപ്പിക്കുക:</u>

റഷ്യൻ ഭാഷയിൽ നിക്ഷിപ്തമായ വമ്പിച്ച ശാസ്ത്രീയസാങ്കേതിക വിജ്ഞാനം നമുക്കുകൂടി ഉപയോഗപ്പെടണമെങ്കിൽ, റഷ്യൻഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിൽ വൈദഗ്ധ്യമുള്ള നൂറോ ആയിരമോ വിവർത്തകരെയെങ്കിലും നാം വളരെ വേഗത്തിൽ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ഒരു പ്രാരംഭനടപടിയായി പ്രീഡിഗ്രി-ഡിഗ്രിക്ലാസ്സുകളിൽ റഷ്യൻ ഭാഷ പഠിപ്പിച്ചു തുടങ്ങണം. നമ്മുടെ ചെറുപ്പക്കാരിൽ പലരും റഷ്യയിൽ ഉന്നതപഠനം നിർവ്വഹിച്ചു തിരിച്ചു വന്നിട്ടുണ്ട്. ഡൽഹിയിലെ ജവാഹർലാൽ നെഹ്രു സർവ്വകലാശാലയിൽ നടത്തുന്ന റഷ്യൻ ഡിപ്ലോമാകോഴ്സിൽ ചേർന്നു ജയിച്ച കേരളീയരും ഉണ്ട്. ഇവരുടെ സേവനം ഉപയോഗപ്പെടുത്താമെങ്കിൽ, ആവശ്യമുള്ള റഷ്യൻ അധ്യാപകരെ ഇന്നുതന്നെ നമുക്കു കിട്ടാവുന്നു. പോരെങ്കിൽ, സോവ്യറ്റ് യൂണിയനിൽനിന്ന് കുറച്ചു കാലത്തേക്ക് വിദഗ്ധരായ ഭാഷാധ്യാപകരെ നമുക്കു ക്ഷണിക്കുകയുമാവാം. കേരള സർവ്വകലാശാലയിൽ ഇങ്ങിനെയൊരു റഷ്യൻ അധ്യാപകൻ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന കാര്യം ഇവിടെ പ്രസക്തമാണ്.

പ്രീഡിഗ്രി-ഡിഗ്രി ക്ലാസ്സുകളിൽ രണ്ടാംഭാഷയെന്ന നിലയിലും ഐച്ഛികവിഷയമെന്ന നിലയിലും റഷ്യൻ ഭാഷകൂടി ഉൾപ്പെടുത്തുന്നതിന് നമ്മുടെ നാലു സർവ്വകലാശാലകളെയും പ്രേരിപ്പിക്കാൻ ശക്തിയായ ഒരു ബഹുജനാവശ്യം ഇവിടെ ഉയരേണ്ടിയിരിക്കുന്നു.

(2) <u>വിവർത്തകർക്കു പരിശീലനം</u>

ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്കുള്ള വിവർത്തനം ഒരു കലയെന്നപോലെ ഒരു ശാസ്ത്രവുമാണ്. റഷ്യൻ ഭാഷയിൽനിന്ന് ഇന്ത്യൻഭാഷകളിലേക്കു വിവർത്തനം ചെയ്യുന്നതിൽ പരിശീലനം നൽകുവാൻ ആവശ്യമായ കാലദൈർഘ്യമുള്ള കോഴ്സുകൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ കഴിയും. തുടക്കത്തിൽ കേന്ദ്രതലത്തിൽ ഒരു കോഴ്സ് നടത്തുകയും, പിന്നീട് സ്റ്റേറ്റുകളിൽ വെവ്വേറെ കോഴ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതാവും പ്രായോഗികം. ഇൻഡോ സോവ്യറ്റ് സാംസ്കാരിക സമിതിയുടെ കേന്ദ്ര കമ്മിറ്റി ഈ പ്രശ്നം ഏറ്റെടുക്കുകയും, ഒരു വിവർത്തനപരിശീലന പരിപാടി തയ്യാറാക്കി കേന്ദ്ര-സ്റ്റേറ്റ് ഗവർമ്മെന്റുകളുടെ സഹകരണത്തോടെ ഈയാണ്ടിൽതന്നെ നടപ്പിൽ വരുത്തുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പരിപാടിക്ക് സാങ്കേതികമായ സഹായം സോവ്യറ്റ് ഗവർമ്മെണ്ടിൽനിന്നു ലഭിക്കാനെളുപ്പമായിരിക്കുന്നതാണ്.

## (൨) സോവ്യറ്റ് പാഠപുസ്തകങ്ങൾ നമ്മുടെ സർവ്വകലാശാലകളെക്കൊണ്ട് അംഗീകരിപ്പിക്കുക

സോവ്യറ്റ് യൂണിയനിൽ തയ്യാറാക്കിയ ശാസ്ത്രീയ ഗ്രന്ഥങ്ങളോട് നമ്മുടെ സർവ്വകലാശാലകൾക്കുള്ള എതിർപ്പ് തകർക്കുകതന്നെ വേണം. നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിലുള്ള പ്രകടമായ ആംഗ്ലോ-അമേരിക്കൻ പക്ഷപാതം ഇന്ത്യയിൽ സമത്വത്തിന്റെയും സോഷ്യലിസത്തിന്റെയുമായ ഒരു വീക്ഷണം വളർന്നു വരുന്നതിന് തികച്ചും എതിരാണ്. ഈ വാസ്തവം നാം എത്രവേഗം മനസ്സിലാക്കുന്നുവോ അത്രയും നന്ന്. സോവ്യറ്റ് പാഠപുസ്തകങ്ങൾ പുതിയ സോഷ്യലിസ്റ്റ് സാമൂഹ്യക്രമം സംബന്ധിച്ച നമ്മുടെ വീക്ഷണത്തെ വിശാലവും ദൃഢവുമാക്കാൻ സഹായിക്കാതിരിക്കയില്ല.